ഉത്തരം

(എ) ഇപ്പോഴത്തെ കണക്കനുസരിച്ച് 65,351 ക.

(ബി) ഈയിനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടി വരുന്നത് 2,28,024 ക.

മിശ്രവിവാഹിതർക്ക് സർവീസ് നിയമനങ്ങളിൽ മുൻഗണന നൽകാൻ നടപടി

35 [2052] ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് മുൻഗണന നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മുൻഗണന നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) മിശ്രവിവാഹിതർക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാൻ നിർവാഹമില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽ പിന്നോക്കവിഭാഗക്കാർക്ക് സംവരണം

36 [2055] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, പി. എം. അബൂബക്കർ:
,, പി. സീതിഹാജി:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് ലഭിക്കേണ്ട സംവരണം ശരിക്കും പാലിക്കുന്നുണ്ടോ എന്ന് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഈ വിഷയത്തെപ്പറ്റി പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസ് വകുപ്പ് പൊതുമേഖലാ സ്ഥാപനങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ട്. എന്നാൽ മറ്റു പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

(ബി, സി) പട്ടികജാതി–പട്ടികവർഗ്ഗ സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ബി.പി.ഇ. തയ്യാറാക്കിയ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് (സെപ്തംബർ 1990) അനുബന്ധമായി വച്ചിരിക്കുന്നു.†

വില സൂചികയിലുണ്ടായ വർദ്ധനവ്

37 [2059] ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ:

,, കെ. പി. മമ്മു മാസ്റ്റർ:

,, ശ്രീമതി നബീസാ ഉമ്മാൾ:

,, ശ്രീ. പാച്ചേനി കുഞ്ഞിരാമൻ:

,, ശ്രീ. ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987–നും 1990–നും ഇടയിൽ വില സൂചികയിൽ കേരളത്തിലുണ്ടായ വർദ്ധനവ് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാലയളവിൽ കേരളത്തിൽ - വിലസൂചികയിൽ ഉണ്ടായ വർദ്ധനവ് എത്ര; ഇതേ കാലയളവിൽ അഖിലേന്ത്യാ ഉപഭോക്തൃ വില സൂചികയിൽ ഉണ്ടായ വർദ്ധനവ് എത്ര ശതമാനം എന്നറിയുമോ;

(സി) 1982 മുതൽ 1987 വരെയുള്ള അഖിലേന്ത്യാ ഉപഭോക്തൃവില സൂചികയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായി എന്നറിയുമോ; ഇതേ കാലയളവിൽ കേരളത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനം?

ഉത്തരം

(എ) ഉണ്ട്.

(ബി) 1987 ഡിസംബറിൽ കേരളത്തിലെ വിലസൂചിക 380 പോയിൻറ് ആയിരുന്നത് 1990 ഡിസംബർ മാസത്തിൽ 459 പോയിൻറ് ആയി വർദ്ധിച്ചു. 1987–നെ അപേക്ഷിച്ച് 1990–ലെ വർദ്ധനവ് 20.8 ശതമാനമാണ്. ഈ കാലയളവിൽ അഖിലേന്ത്യാ ഉപഭോക്തൃ വിലസൂചികയിൽ ഉണ്ടായ വർദ്ധനവ് 30.5 ശതമാനമാണ്.

(സി) 1982 മുതൽ 1987 വരെയുള്ള അഖിലേന്ത്യാ ഉപഭോക്തൃവില സൂചികയിലെ വർദ്ധനവ് 51.4 ശതമാനവും ഈ കാലയളവിൽ കേരളത്തിലുണ്ടായ വർദ്ധനവ് 52.1 ശതമാനവുമാണ്.

† ലൈബ്രറിയിൽ വച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly